പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 18 11-06-12 ൽ മറുപടിക്ക്

കാരുണ്യ ലോട്ടറി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് :<br>ഡോ.എൻ.ജയരാജ് :<br>ശ്രീ.റോഷി അഗസ്റ്റിൻ : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ലോട്ടറി ചികിത്സാ ധനസഹായ പദ്ധതിയിലൂടെ ഇതുവരെ നിർദ്ധനരായ എത്ര രോഗികൾക്ക് ധനസഹായം നല്കുവാൻ സാധിച്ചിട്ടുണ്ട് ; | (എ) | ഇതുവരെ വരെ 986 രോഗികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ചികിത്സാ ധനസഹായം ഇനത്തിൽ ഇതിനോടകം എത്ര തുക ചെലവഴിച്ചു; | (ബി) | 8,17,54,102/- രൂപ ചികിത്സാധന സഹായമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (സി) | ധന സഹായത്തിനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്<br>• വാർഷിക വരുമാനം 3 ലക്ഷം രൂപവരെയുള്ള കുടുംബം.<br>• സർക്കാർ ആശുപത്രികളിലും പരിയാരം,കൊച്ചി സഹകരണ ആശുപത്രികളിലും ചികിത്സ തേടുന്ന രോഗികൾക്കാണ് ധനസഹായം ലഭിക്കുന്നത്<br>• ഹൃദ്രോഗം, ക്യാൻസർ, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവ യുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗത്തിലുള്ള ചികിത്സ എന്നി വയ്ക്കു മാത്രമേ ചികിത്സാ ധന സഹായം ലഭിക്കുകയുള്ളു.<br>മുൻകാല ചികിത്സയ്ക്ക് ധനസഹായം ലഭ്യമല്ല. നിലവിൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിവരുന്നവർക്കും ഇനി ചികിത്സ നടത്തേണ്ടവർക്കും ചികിത്സാ ധനസഹായം ലഭിക്കും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിൽ സ്വകാര്യ ആശുപത്രികളുടെ സേവനം കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ? | (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ സ്വകാര്യ ആശുപത്രികളുടെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള അക്രെഡിറ്റേഷൻ നടപടികൾ നടന്നുവരുന്നു.<br>(i) സ്വകാര്യ ആശുപത്രികളുടെ ഒരുയോഗം 24.04.2012-ന് കൂടുകയും അവരുടെ പ്രൊപ്പോസലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.<br>(ii) ചികിത്സാ പാക്കേജും അക്രെഡിറ്റേഷൻ മാനദണ്ഡങ്ങളും 21.06.2012 -ൽ കൂടിയ സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**